അതുകൊണ്ട് കർഷകർ എന്തു ചെയ്യണമെന്നറിയാതെ വളരെയേറെ പ്രതിസന്ധിയിലാണ്. നമ്മുടെ സാമ്പത്തികഘടനതന്നെ കാർഷികമേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ട് ഈ കാർഷിക മേഖലയിലെ കർഷകരെ സഹായിക്കുന്നതിന് കൃഷിക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുകയെന്ന ഒരു പദ്ധതി കേന്ദ്രഗവൺമെന്റുമായി ആലോചിച്ച് സംസ്ഥാനത്തു നടപ്പിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ നമ്മുടെ സംസ്ഥാനത്തെ കൃഷിയെ രക്ഷിക്കുവാൻ കഴിയില്ല. അതുകൊണ്ട് ലൈഫ് ഇൻഷ്വറൻസ് പോലെ കൃഷിക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തണമെന്നു ഞാൻ ശക്തിയായി ആവശ്യപ്പെടുകയാണ്.

കൃഷിവകുപ്പു മന്ത്രി (ശ്രീ. എ.എൽ. ജേക്കബ്): അതിവർഷം വരൾച്ച തുടങ്ങിയവകൊണ്ട് ഉണ്ടാകുന്ന കൃഷിനഷ്ടംകൊണ്ട് കഷ്ടത അനുഭവിക്കുന്ന കൃഷിക്കാരെ സഹായിക്കുവാൻ ഒരു വിള ഇൻഷ്വറൻസ് പദ്ധതി കേന്ദ്രഗവൺമെൻറ് ആവിഷ്കരിച്ചിട്ടുണ്ട്. ഈ വർഷത്തെ വിരിപ്പു വിളകൾക്ക് ഈ പദ്ധതി കേരളത്തിലും നടപ്പാക്കിവരികയാണ്. ഇപ്പോൾ നെൽകൃഷി മാത്രമേ ഇൻഷ്വർ ചെയ്തിട്ടുള്ളൂ. താലൂക്ക് അടിസ്ഥാനത്തിലാണ് അതു ചെയ്യുന്നത്. സഹകരണ സ്ഥാപനങ്ങളിൽനിന്നോ ദേശവൽകൃത ബാങ്കുകളിൽനിന്നോ നെൽക്കൃഷിക്കുവേണ്ടി വാങ്ങിയിട്ടുള്ള കാർഷിക വായ്പയുടെ 150 ശതമാനംവരെയുള്ള തുകയ്ക്ക് ഇൻഷ്വർ ചെയ്യുന്നുണ്ട്. പ്രീമിയം രണ്ടു ശതമാനമാണ്. ചെറുകിട നാമമാത്ര കർഷകർക്ക് പ്രീമിയത്തിന്റെ 50 ശതമാനം സബ്സിഡിയായി നൽകുന്നു. കേരളത്തിന്റെ 53 താലൂക്കുകളിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നു. പാലക്കാട് ജില്ലയിലെ ചിറ്റൂർ, ആലത്തൂർ, പാലക്കാട്, ഒറ്റപ്പാലം, മണ്ണാർക്കാട് എന്നീ അഞ്ചു താലൂക്കുകളും ഇതിൽ ഉൾപ്പെടുന്നുണ്ട്. പാലക്കാട് ജില്ലാ സഹകരണ ബാങ്ക് വിള ഇൻഷ്വറൻസ് നടപ്പാക്കുന്നതിന് നടപടിയെടുത്തുകഴിഞ്ഞു. ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് പാലക്കാട് ജില്ലയിലെ ബാങ്കിംഗ് സ്ഥാപനങ്ങളുടെ ഒരു യോഗം ഈ മാസം ഇരുപതാംതീയതി കൂടുന്നുണ്ട്. സംസ്ഥാനത്ത് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഗുരുതരമല്ല സ്ഥിതി.

(5) ഏറനാട്, പെരിന്തൽമണ്ണ താലൂക്കുകളിലെ റേഷൻ വിതരണം മുടങ്ങൽ—

ശ്രീ. പി. സീതി ഹാജി: മലപ്പുറം ജില്ലയിലെ ഏറനാട്, പെരിന്തൽമണ്ണ താലൂക്കുകളിൽ രണ്ടാഴ്ചയായി റേഷൻ വിതരണം മുടങ്ങിയിരിക്കുകയാണ്. അങ്ങാടിപ്പുറം ഗോഡൗണിലെ കരാറുകാരനും അവിടുത്തെ തൊഴിലാളികളും ആയിട്ടുള്ള തർക്കത്തിനെത്തുടർന്നാണ് റേഷൻ വിതരണം മുടങ്ങിയിരിക്കുന്നത്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ കോഴിക്കോട്ടെ കുറ്റിപ്പുറം ഗോഡൗണിലേക്ക് പെർമിറ്റു കൊടുത്തപ്പോൾ അവിടുത്തെ തൊഴിലാളികളും, സംഘടിതരായ തൊഴിലാളികളും റേഷൻ വിതരണം ചെയ്യാൻ സമ്മതിച്ചില്ല. ഇതിന് എന്തെങ്കിലും പരിഹാരം ഉണ്ടാകണം. തൊഴിലാളികളുടെ ആവശ്യങ്ങൾക്കോ അവകാശങ്ങൾക്കോ ഞങ്ങൾ ആരും എതിരല്ല. ഈ രാജ്യത്തെ പാവങ്ങൾ പട്ടിണികിടക്കാതിരിക്കുന്നതിന് തൊഴിൽ സമരം അവസാനിപ്പിക്കുന്നതിനു വേണ്ട നടപടി സ്വീകരിച്ചേ മതിയാകൂ.

LIBRARY ARCHIVES Kerala Legislative Assembly

ക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു.എ. ബീരാൻ): കഴിഞ്ഞ പന്ത്രണ്ടു ദിവസമായി മലപ്പുറം, അങ്ങാടിപ്പുറം ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ ഗോഡൗണിൽ നിന്നും അരിവിതരണം നടക്കുന്നില്ല. അതിന്റെ പ്രധാനപ്പെട്ട കാരണം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ തൊഴിൽ തർക്കമാണ്. അവിടെ എഫ്.സി.ഐ.യുടെ കയറ്റു ഇറക്കുമതിനടത്തിയിരുന്ന കരാറുകാരന്റെ കാലാവധി കഴിഞ്ഞപ്പോൾ എഫ്.സി.ഐ. പുതിയ ടെണ്ടർ കൊടുത്തു കരാറുകാരനെ നിശ്ചയിച്ചു. ആ കരാറുകാരനുമായി തൊഴിലാളികളും തൊഴിലാളിയൂണിയൻ നേതാക്കളും വളരെ ദൂരിച്ച ഡിമാൻറുകൾ പുതുതായി വച്ചുകൊണ്ട് വലിയ തർക്കം ഉണ്ടായി. ആ തർക്കം മലപ്പുറം ജില്ലാ കളക്ടറും മറ്റും ഇടപെട്ട് ഒരുമാതിരി അവസാനിപ്പിച്ചു. അങ്ങനെ അരി വിതരണം നടത്താൻ കഴിയും എന്നു വിശ്വസിച്ചുകൊണ്ടിരുന്നപ്പോഴാണ്, തൊഴിലാളികളും തൊഴിലാളി യൂണിയൻ നേതാക്കൻമാരും വീണ്ടും പുതിയ ഡിമാൻറുകൾവച്ചുകൊണ്ട് റേഷൻ വിതരണത്തിൽ സ്തംഭനം ഉണ്ടക്കിയിരിക്കുന്നത്. ഈ സാഹചര്യത്തിൽ അവിടെനിന്നും റേഷൻ വിതരണം നടത്താൻ ബുദ്ധിമുട്ടാണെങ്കിൽ ആ പ്രദേശങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ അരി വിതരണം ചെയ്യണമെന്ന കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതു സാദ്ധ്യമല്ലെങ്കിൽ കുറ്റിപ്പുറത്തുനിന്നും അതല്ലെങ്കിൽ പാലക്കാട്ടുനിന്നോ കോഴിക്കോട്ടു നിന്നോ അവിടെയുള്ള ഹോൾസെയിലുകാർക്ക് അരി വിതരണം ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്തായാലും മലപ്പുറം ജില്ലാ കളക്ടർ ഇതു സംബന്ധിച്ച് ഒരു യോഗം വിളിച്ചുകൂട്ടിയിട്ടുണ്ട്. തൊഴിലാളികളും തൊഴിലാളി നേതാക്കളും ഈ കാര്യത്തിൽ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് അനുരഞ്ജന സ്വഭാവത്തോടുകൂടി ഇതിൽ ഒരു പരിഹാരം ഉണ്ടാക്കുമെന്നും റേഷൻ വിതരണത്തിൽ ബുദ്ധിമുട്ട് ഉണ്ടാകുകയില്ലെന്നുമാണ് പ്രതീക്ഷിക്കുന്നത്.

(6) മേത്തല പഞ്ചായത്തിലെ ലൈറ്റിംഗ് ടാക്സ് പിരിവ്

ശ്രീ. വി.കെ. രാജൻ: മേത്തല പഞ്ചായത്തിൽ ഉദ്യോഗസ്ഥരേണംമൂലം ലൈറ്റിംഗ് ടാക്സ് എന്ന ഒരു പുതിയ ടാക്സ് ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ചിരിക്കുകയാണ്. ഈ ടാക്സ് കൊടുക്കാൻ ജനങ്ങൾ ബാദ്ധ്യസ്ഥരല്ല. വെള്ളം, വെളിച്ചം തുടങ്ങിയ ജനങ്ങളുടെ പ്രാഥമികാവശ്യങ്ങൾ നിറവേറ്റാൻ പഞ്ചായത്തിന് ബാദ്ധ്യതയുണ്ട്. അവ നിർബന്ധ സേവനങ്ങളിൽ പെട്ടതുമാണ്. അതു പ്രകാരം വെളിച്ചത്തിനുവേണ്ടി നികുതി ചുമത്തുന്നത് ഒരു അധിക നികുതിയാണ്, ഇതു ന്യായീകരിക്കാൻ വയ്യ. റോഡ് നികുതി, വാഹനികുതി, വിനോദ നികുതി തുടങ്ങിയ നികുതികൾ ഇപ്പോൾ നൽകുന്നുണ്ട്. വേറെ ഒരു സ്ഥലത്തും ഇല്ലാത്ത ലൈറ്റിംഗ് ടാക്സ് പിരിക്കുന്നത് ഉടൻ തടയേണ്ടതാണ്.

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. സി.എം. സുന്ദരം): ബഹുമാനപ്പെട്ട അംഗം ഈ പ്രശ്നം ഉന്നയിച്ച്, പൊതുജനങ്ങളുടെ നീറുന്ന പ്രശ്നങ്ങൾ, നിയമസഭയുടെ മുൻപാകെ കൊണ്ടുവന്ന് പരിഹരിക്കാൻ ശ്രമിക്കുന്നതിൽ സന്തോഷമേയുള്ളൂ. 1962-ലെ കേരളാ പഞ്ചായത്ത് സർവ്വീസ് ടാക്സ് റൂൾസിന്റെ സെക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly